"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല- തകഴി ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ ക്ലാർക്ക് - ശ്രീ.മൃത്യുഞ്ജയൻ.കെ.എസ്-ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

പരാമർശം:-

1. തകഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.10.2021ലെ എ3/1875/2021 നമ്പർ നടപടിക്രമം
2. ശ്രീ.മൃത്യുഞ്ജയൻ കെ എസ് സമർപ്പിച്ച 29.01.2022ലെ അവധി അപേക്ഷ
3. തകഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30.03.2022 ലെ എ3/1875/2021 നമ്പർ നടപടിക്രമം
4. പഞ്ചായത്ത് ഡയറക്ടറുടെ 26.05.2022ലെ PAN/7644/2022-E6(DP) നമ്പർ കത്ത്
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.07.2025ലെ LSGD/PD/26662/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലർക്ക് ശ്രീ.മൃത്യുഞ്ജയൻ.കെ.എസ്-ന് 01.10.2021 മുതൽ 30.04.2022 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടറും 01.05.2022 മുതൽ 01.11.2022 വരെ ശൂന്യവേതന അവധി അനുവദിക്കുന്നതിന് സമർപ്പിച്ച അവധി അപേക്ഷ പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മൃത്യുഞ്ജയൻ.കെ.എസ് - ന് പരാമർശം (1) പ്രകാരം 01.10.2021 മുതൽ 29.01.2022 വരെ ശൂന്യവേതനാവധി അനുവദിക്കുകയും ആയത് പരാമർശം (3) പ്രകാരം റദ്ദാക്കിയിട്ടുമുണ്ട്. 01.10.2021 മുതൽ 30.04.2022 വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളാണ് അപേക്ഷക്കൊപ്പം ഹാജരാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലർക്ക് ശ്രീ.മൃത്യുഞ്ജയൻ.കെ.എസ്-ന് 01.10.2021 മുതൽ 30.04.2022 വരെയുള്ള കാലയളവിലേക്ക് ടി കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും 01.05.2022 മുതൽ 01.11.2022 വരെ ടി കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർഗ്രേഡ്, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ എസ് ആർ ഭാഗം1 , ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി, തകഴി /പുന്നപ്ര ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീ.മൃത്യുഞ്ജയൻ കെ എസ്, മുൻ ക്ലർക്ക് , തകഴി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് (04.12.2025 ലെ e-3257310/ഡെവ-1/193/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

8.ഡയറക്ടർ, ഐ കെ എം

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

10.കരുതൽ ഫയൽ (ഫയൽ നം.117/ഇപിഎ1/2022-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M.S
സെക്ഷൻ ഓഫീസർ
Date: 03-01-2026 13:25:49